ഉദ്യോഗാർത്ഥികൾക്കുള്ള യാത്രാബത്ത, അന്ധരായ അഭിഭാഷകർക്കും അസ്ഥി സംബന്ധമായ വൈകല്യമുള്ള അഭിഭാഷകർക്കും ധനസഹായ പദ്ധതി, മികച്ച വികലാംഗ ജീവനക്കാർക്കുള്ള സംസ്ഥാന അവാർഡ്, സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗ പുനരധിവാസ സദനങ്ങൾക്ക് ഗ്രാന്റ്, വികലാംഗ ദുരിതാശ്വാസ നിധി എന്നിവ മുൻവർഷത്തിൽ നൽകിയപ്രകാരം നടപ്പു സാമ്പത്തിക വർഷവും നൽകാൻ ഉദ്ദേശിക്കുന്നു. കൂടാതെ വികലാംഗക്ഷേമ കോർപ്പറേഷൻവഴി അർഹരായവർക്ക് സഹായ ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. സബ്സിഡി നിരക്കിൽ സ്വയംതൊഴിൽ വായ്പ നൽകാനും, എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ജില്ലാതലത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന വികലാംഗ വിദ്യാർത്ഥിക്ക് ക്യാഷ് അവാർഡ് നൽകുന്നതിനും, വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി സ്പെഷ്യൽ മെഡിക്കൽ ബോർഡ് ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(ബി, സി) വിവരം ലഭ്യമല്ല.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) സർക്കാരിന്റെ പരിഗണനയിലാണ്.

വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

156 [2636] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 ഡിസംബർ 31 വരെ താൽക്കാലികമായി സർക്കാർ സർവ്വീസിൽ ജോലി നോക്കിയിരുന്ന മുഴുവൻ വികലാംഗരേയും സ്ഥിരപ്പെടുത്തുന്നതിന് കഴിഞ്ഞ സർക്കാർ തീരുമാനമെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ തുടർനടപടിയായി ഈ സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിച്ച കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) അതനുസരിച്ച് എത്രപേരെ സ്ഥിരപ്പെടുത്തി എന്ന് വ്യക്തമാക്കാമോ;

(ഡി) ബാക്കി എത്ര പേരുണ്ടെന്നും അവരെ എപ്പോൾ സ്ഥിരപ്പെടുത്തുമെന്നും അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി—ഡി) 15-8-1998 മുതൽ 31-12-2000 വരെ താൽക്കാലിക സർവ്വീസിലുണ്ടായിരുന്നവരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

വികലാംഗർക്കുള്ള പെൻഷൻ കുടിശ്ശിക

157 [2637] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly